## പതിനാലാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം: *322

12.12.2018-ൽ മറുപടിക്ക്

### പ്രളയ പുനർനിർമ്മാണത്തിനായി കൺസൾട്ടൻസി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ<br>,, കെ.എസ്.ശബരീനാഥൻ<br>,, പി.ടി. തോമസ്<br>,, സണ്ണി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രളയ പുനർനിർമ്മാണത്തിനായി കൺസൾട്ടൻസിയെ നിയമിക്കാൻ ആഗോള ടെണ്ടർ വിളിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; | (എ) പ്രളയാനന്തര പുനർനിർമ്മാണത്തിനായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭദശയിലാണ്. RKI മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനും, പ്രധാനപദ്ധതികളുടെ പദ്ധതി നിർവ്വഹണത്തിനായും, ഉന്നതാധികാര സമിതി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ആവശ്യമെങ്കിൽ കൺസൾട്ടൻസികളെ നിയമിക്കുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളും. |
| (ബി) പ്രളയ പുനർനിർമ്മാണത്തിനായി അവധാനതയില്ലാതെ കെ.പി.എം.ജി. എന്ന കൺസൾട്ടൻസിയെ തിരഞ്ഞെടുത്തത് സംസ്ഥാനത്തിന് വിലപ്പെട്ട നൂറോളം ദിവസങ്ങൾ നഷ്ടമാകാൻ കാരണമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) 05.09.2018ലെ G.O.(P) 12/2018/Plg. ഉത്തരവ് പ്രകാരം "KPMG in India" എന്ന കൺസൾട്ടൻസിയെ 'Pro-bono' അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പ്രസ്തുത കൺസൾട്ടൻസിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതു മുഖാന്തിരം, പ്രളയ പുനർനിർമ്മാണത്തിന് യാതൊരുവിധ തടസ്സവും നേരിട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ